**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **03-03-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പടിയൂർ പഞ്ചായത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം, മട്ടന്നൂർ ആയുർവേദ ആശുപത്രി, മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിഎന്നിവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (എ) | അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>ഭൗതിക പുരോഗതി - 70%<br><br>സാമ്പത്തിക പുരോഗതി - 50%<br><br><u>Hospital Block</u><br><br>ട്രസ് വർക്ക് ഉൾപ്പെടെയുള്ള structural ജോലികൾ പൂർത്തിയായി. പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് എന്നിവ പുരോഗമിക്കുന്നു. MEP(മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്) ജോലികൾ പുരോഗമിക്കുന്നു.<br><br><u>Manuscript Block</u><br><br>Structural ജോലികൾ പൂർത്തിയായി. കൊത്തുപണി, പ്ലാസ്റ്ററിംഗ് പുരോഗമിക്കുന്നു.<br><br><u>Gate Structure/Nursery Block:</u><br><br>Structural ജോലികൾ പൂർത്തിയായി. ജോയിനറി ജോലികൾ, ഫ്ലോറിംഗ്, M.E.P. ജോലികൾ എന്നിവ ആരംഭിക്കും.<br><br><u>Sump, Pump House, Holding Tank:</u><br><br>കോൺക്രീറ്റ് ജോലികൾ പുരോഗമിക്കുന്നു. മാർച്ച് രണ്ടാം വാരത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br><u>Service Block:</u><br><br>ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. Plinth Beam പണികൾ പുരോഗമിക്കുന്നു.<br><br><u>Road Work:</u> |

90% ഉത്ഘനന ജോലികൾ പൂർത്തിയായി. ഡ്രെയിനേജ് ജോലികൾ പുരോഗമിക്കുന്നു.

STP:

സിവിൽ ഫൗണ്ടേഷൻ വിശദാംശങ്ങൾ സ്വീകരിക്കുകയും കരാറുകാരനു നൽകുകയും ചെയ്തു.

മട്ടന്നൂർ ഇന്റഗ്രേറ്റഡ് ആശുപത്രി

മട്ടന്നൂർ ഇന്റഗ്രേറ്റഡ് ആശുപത്രിക്കായി 4 നിലകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില എന്നിവയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു.

2 കോടി രൂപയുടെ ടെക്നിക്കൽ സാങ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് മൂന്നാം നിലയുടെ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി

മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

KIIFB ധനസഹായത്തോടെ കെ എസ് ഇ ബി നിർവ്വഹണ ഏജൻസിയായുള്ള മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് 28/06/2019 ലെ GO(Rt)No. 242/2019/H&FWDനമ്പർ ഉത്തരവ് പ്രകാരം 99.91കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 71.5 കോടി രൂപയുടെ ധനാനുമതി ലഭിച്ചിട്ടുണ്ട്. 2 ബെയ്സ്മെന്റ് നിലകളുൾപ്പെടെ 6 നിലകളായാണ് ആശുപത്രി കെട്ടിടം വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ ആകെ 36% പണി പൂർത്തിയായിട്ടുണ്ട്. നിലകൾ തിരിച്ചുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

രണ്ടാം ബെയ്സ് മെന്റ്

മേൽക്കൂര കോൺക്രീറ്റിങ് പൂർത്തിയായി റിട്ടൈനിംഗ് വാൾ 100% പൂർത്തിയായി. കൽചുമർപണി 90% വും പ്ലാസ്റ്ററിംഗ് ജോലി 80% വും പൂർത്തിയായി.

ഒന്നാം ബെയ്സ് മെന്റ്

മേൽക്കൂരയുടെ സ്ളാബ് 100% പൂർത്തിയായി റിട്ടൈനിംഗ് വാൾ പൂർത്തിയായി. ഭിത്തി നിർമ്മാണം 95% പൂർത്തിയായി.

താഴത്തെ നില (ഗ്രൗണ്ട് ഫ്ലോർ)

| | | | |
|---|---|---|---|
| | | | അടിത്തറ 100% പൂർത്തിയായി, തൂണുകൾ 45% പൂർത്തിയായി, പ്ലിന്ത് ബീം 100% പൂർത്തിയായി, തറ കോൺക്രീറ്റിംഗ് 75% പൂർത്തിയായി. എക്സ്പാൻഷൻ ജോയിന്റിന് ശേഷമുള്ള ഷട്ടറിങ് പൂർത്തിയായി. എക്സ്പാൻഷൻ ജോയിന്റിന് ശേഷമുള്ള റിഇൻഫോഴ്സ്മെന്റ് (കമ്പി പണി) 70% പൂർത്തിയായി. എക്സ്പാൻഷൻ ജോയിന്റിന് ശേഷമുള്ള തറ കോൺക്രീറ്റ് ഇടൽ പൂർത്തിയായി. ഡ്രൈനേജ് വാൾ/ഗട്ടർ ചെയിനേജ് 210 വരെ പൂർത്തിയായി.<br><br>പ്രവേശന റോഡ് നിർമ്മാണം 76% പൂർത്തിയായി |

സെക്ഷൻ ഓഫീസർ